LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി തുക ചെലവ് ചെയ്യുന്നതിന് നിർദ്ദേശം

123 (331) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക അനുവദിച്ചിരുന്നു ;

(ബി) ഇതിൽ 1-1-2011 വരെ എത്ര തുക ചെലവ് ചെയ്തു ;

(സി) ഇതിൽ ബാക്കി എത്ര തുക ചെലവ് ചെയ്യാനുണ്ട് ;

(ഡി) പദ്ധതി തുക ചെലവ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാം ;

(ഇ) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ;

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് യഥാവിധം കൃത്യസമയത്ത് ചെലവ് ചെയ്യുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ; അവയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1895,64,78,350 രൂപ

(ബി) 781,41,72,530 രൂപ

(സി) 1114,23,05,820 രൂപ

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പൊതു തെരഞ്ഞെടുപ്പ് നടന്നതിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിലിരുന്ന കാലയളവിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ഗ്രാമ/വാർഡ് സഭകൾ വിളിച്ചു ചേർക്കുന്നതിനോ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനോ കഴിയുമായിരുന്നില്ല. ഇതുകാരണം പദ്ധതി നിർവ്വണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്. അകാലത്തിൽ പെയ്ത മഴയും പ്രവൃത്തികളുടെ നിർവ്വണത്തിൽ കാലതാമസം വരുത്തുന്നതിന് കാരണമായിട്ടുണ്ട്.

(ഇ) പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്.

(എഫ്) പദ്ധതികൾ തയ്യാറാക്കുന്നതിന്, മാർഗ്ഗരേഖയും സബ്സിഡി അനുവദിക്കുന്നതിന് മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുടെയും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടെയും പരിശീലന യോഗങ്ങളിൽ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പ്രത്യേക നിർദ്ദേശം

നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരെയും സെക്രട്ടറിമാരെയും ജില്ലാതല ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ വിളിച്ച് ചേർത്ത് എല്ലാ മാസവും പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യണമെന്ന് ജില്ലാ ആസൂത്രണ സമിതികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് സമർപ്പിക്കുമ്പോൾ തന്നെ എസ്റ്റിമേറ്റും സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

പദ്ധതികാലാവധി നീട്ടുന്നതിന് നടപടി

124 (332) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സാമ്പത്തിക വർഷമവസാനിക്കാനിരിക്കെ നടപ്പുസാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതമുൾപ്പെടെയുള്ള ഫണ്ടുകൾ തദ്ദേശ സ്ഥാപനങ്ങളിൽ 70 ശതമാനത്തോളം ചെലവഴിക്കാതെ ബാക്കിനിൽക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനകം പദ്ധതി വിഹിതം ഉൾപ്പെടെയുള്ള ഫണ്ടുകളുടെ എത്ര ശതമാനം ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി,നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യവികസനഫണ്ട്, എ.ഡി.ബി. സഹായത്തോടെയുള്ള സുസ്ഥിര നഗരവികസന പദ്ധതി എന്നിവയിൽനിന്ന് ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിവിഹിതം ഗണ്യമായി ഇനിയും ചെലവഴിക്കാനിരിക്കെ ചെലവഴിക്കാനുള്ള കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഏത് തീയതിവരെ നീട്ടുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 31-12-2010 വരെ നടപ്പു സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിലെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തദ്ദേശ സ്വയംഭരണ സ്ഥാപനം	ചെലവഴിച്ച തുകയുടെ ശതമാനം
ഗ്രാമപഞ്ചായത്തുകൾ	30.74
ബ്ലോക്ക് പഞ്ചായത്തുകൾ	35.19
ജില്ലാ പഞ്ചായത്തുകൾ	24.26
മുനിസിപ്പാലിറ്റികൾ	34.29
കോർപ്പറേഷനുകൾ	20.50

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly